# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 579 — **04.02.2020 ൽ മറുപടിക്ക്**

### മൂവാറ്റുപുഴ താലൂക്ക് പരിധിയിലെ ക്വാറികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് | | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) | എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്ക് പരിധിയിൽ നിലവിൽ എത്ര ക്വാറികൾ പ്രവർത്തിക്കുന്നു; ഇവയിൽ വൻകിട ക്വാറികൾ എത്ര; ചെറുകിട ക്വാറികൾ എത്ര; വിശദമാക്കാമോ; | (എ) യും (ബി) യും | ക്വാറീയിംഗ് ലീസ് ദീർഘകാലാടിസ്ഥാനത്തിൽ സമ്പാദിച്ച് പ്രവർത്തിക്കുന്ന 21 ക്വാറികളും, 1 വർഷം വരെ കാലാവധിയിൽ ക്വാറീയിംഗ് പെർമിറ്റ് സമ്പാദിച്ച് പ്രവർത്തിക്കുന്ന 13 ക്വാറികളും ഉൾപ്പെടെ നിലവിലുള്ള 34 ക്വാറികളും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നത്. |
| (ബി) | പ്രസ്തുത ക്വാറികളിൽ നിയമാനുസൃതമായി പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും അറിയിക്കുമോ; | | |
| (സി) | പ്രസ്തുത ക്വാറികളിൽ ഏതൊക്കെ ക്വാറികൾക്ക് എതിരെ ജല സ്രോതസ്സ് മലിനീകരണം, പൊടി ശല്യം, ശബ്ദ മലിനീകരണം, ടിപ്പർ ലോറികളുടെ നിരന്തര സഞ്ചാരം മൂലമുള്ള റോഡ് തകർച്ച, എന്നിങ്ങനെയുള്ള പരാതികൾ നാട്ടുകാർ/ തദ്ദേശീയർ/സമീപവാസികൾ ഉന്നയിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ? | (സി) | മേൽ പരാമർശിച്ച ക്വാറികളുടെ പ്രവർത്തനത്തിനെതിരെ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന കാരണങ്ങൾ കാണിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ക്വാറികൾക്കെതിരെ വിവിധ വിഷയങ്ങളിലുള്ള പരാതികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും റിപ്പോർട്ട് തേടി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ